REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 29-03-2024 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- ലോക്സഭാ തിരഞ്ഞെടുപ്പിന് സംസ്ഥാനത്ത് ഇതുവരെ 14 പേർ നാമ നിർദ്ദേശ പത്രിക സമർപ്പിച്ചു. അടുത്ത വ്യാഴാഴ്ച വരെ പത്രിക സമർപ്പിക്കാം.
- ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിന്റെ അറസ്റ്റിനെക്കുറിച്ച് അമേരിക്ക നടത്തിയ പരാമർശങ്ങൾ അനാവശ്യമാണെന്ന് കേന്ദ്ര വിദേശകാര്യ മന്ത്രാലയം.
- യേശുവിന്റെ പീഡാനുഭവത്തിന്റെ ഓർമ പുതുക്കി ക്രൈസ്തവർ ഇന്ന് ദുഃഖവെള്ളി ആചരിക്കുന്നു.
- സംസ്ഥാനത്ത് കനത്ത ചൂട് തുടരുന്നു. കൊല്ലം, തൃശൂർ, പാലക്കാട് ജില്ലകളിൽ അടുത്ത മൂന്ന് ദിവസം താപനില കൂടുതൽ ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.
- IPL ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു, കൊൽക്കത്ത നൈറ്റ് റൈഡേഴ്സുമായി ഏറ്റുമുട്ടും.

## വാർത്തകൾ വിശദമായി

ലോക്സഭാ തിരഞ്ഞെടുപ്പിന് നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിന്റെ ആദ്യ ദിവസമായ ഇന്നലെ സംസ്ഥാനത്ത് വിവിധ മണ്ഡലങ്ങളിലായി 14 പേർ നാമ നിർദ്ദേശ പത്രിക സമർപ്പിച്ചു.സംസ്ഥാനത്ത് അടുത്ത വ്യാഴാഴ്ച

വരെ നാമനിർദ്ദേശ പത്രിക സമർപ്പിക്കാം. വെള്ളിയാഴ്ചയാണ് സൂക്ഷ്മ പരിശോധന. ഏപ്രിൽ 8 വരെയാണ് പത്രിക പിൻവലിക്കാൻ സമയം അനുവദിച്ചിരിക്കുന്നത്.

✪✪✪

ലോക്സഭാ തെരെഞ്ഞെടുപ്പ് ചെലവ് നിരീക്ഷിക്കുന്നതിനായി കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ നിയോഗിച്ച ചെലവ് നീരീക്ഷകർ സംസ്ഥാനത്ത് വിവിധ മണ്ഡലങ്ങളിലെത്തി. കോഴിക്കോട് മണ്ഡലത്തിന്റെ ചുമതലയുള്ള ഡോ.സുനിൽ N റാനോട്ട്, കാസർകോട്ടെ നീരീക്ഷകൻ ആനന്ദ് രാജ്, ആറ്റിങ്ങലിലെ രവികാന്ത് കുമാർ ചൗധരി, തിരുവനന്തപുരത്തെ നീരീക്ഷകൻ മാനവ് ബൻസാൽ എന്നിവർ ഇന്നലെ എത്തി.

വടകര പാർലമെന്റ് നിയോജക മണ്ഡലത്തിന്റെ നിരീക്ഷകൻ രാവിലെ എത്തി.

നിരീക്ഷകർ ഇന്ന് ജില്ലാ കലക്ടർമാരുമായും മറ്റു ഉദ്യോഗസ്ഥൻമാരുമായും കൂടിക്കാഴ്ച നടത്തും.

✪✪✪

മാർച്ച് 25 വരെ വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിന് അപേക്ഷിച്ചിരുന്നവർക്കാണ് ഇത്തവണ ലോക്സഭാ തിരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്താൻ അവസരം ഉണ്ടാവുകയെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ അറിയിച്ചു. ഇവരുടെ അപേക്ഷകൾ ഏപ്രിൽ നാല് വരെ നടക്കുന്ന ഉദ്യോഗസ്ഥ തല പരിശോധനയ്ക്കുശേഷം

അർഹരായവരെ ഉൾക്കൊള്ളിച്ച് അന്തിമമായ പട്ടിക തയ്യാറാക്കും.

പുതുതായി പേര് ചേർത്തവരെ നിലവിലെ വോട്ടർ പട്ടികയിൽ അനുബന്ധമായി ചേർക്കുകയാണ് ചെയ്യുന്നത്. ഇവർക്ക് തിരഞ്ഞെടുപ്പ് കമ്മീഷൻ അംഗീകരിച്ച തിരിച്ചറിയൽ രേഖകൾ ഉപയോഗിച്ച് വോട്ട് രേഖപ്പെടുത്താൻ കഴിയും. ഏപ്രിൽ നാലുവരെ അപേക്ഷിക്കുന്നവർക്ക് ലോക്സഭാ തിരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്താൻ അവസരം ഉണ്ടാകും എന്ന തെറ്റായ സന്ദേശം പ്രചരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് അറിയിപ്പ് നൽകുന്നതെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു.

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പിൽ 85 വയസിന് മുകളിൽ പ്രായമുള്ളവർക്കും ഭിന്നശേഷിക്കാർക്കും വീടുകളിൽ വോട്ട് രേഖപ്പെടുത്താൻ നടപടികൾ സംസ്ഥാനത്ത് പുരോഗമിക്കുന്നു. അസന്നിഹിത വോട്ടർമാർക്ക് 12 ഡി അപേക്ഷാ ഫോം ബൂത്ത് ലെവൽ ഓഫീസർമാർ മുഖേന വിതരണം ചെയ്യുന്നതിന് നടപടികളാണ് ആരംഭിച്ചത്.

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പെരുമാറ്റച്ചട്ട ലംഘനത്തെ കുറിച്ച് അറിയിക്കുന്ന സി-വിജിൽ മൊബൈൽ ആപ്ലിക്കേഷൻ മുഖേന എറണാകുളം ജില്ലയിൽ ഇതുവരെ 3,962 പരാതികൾ ലഭിച്ചതായി അധികൃതർ അറിയിച്ചു. ഇതിൽ

3,916 എണ്ണം ശരിയാണെന്ന് കണ്ടെത്തി പരിഹരിച്ചുവെന്നും അവർ അറിയിച്ചു.

✪✪✪

തിരഞ്ഞെടുപ്പിൽ സ്ഥാനാർഥിചിത്രം തെളിഞ്ഞതോടെ കോഴിക്കോട് മണ്ഡലത്തിൽ മത്സരം ഇത്തവണയും കടുക്കും. വികസനം മുൻ നിർത്തി UDF-ഉം LDF-ഉം NDA- യും പ്രചാരണ പ്രവർത്തനങ്ങൾ ശക്തമാക്കി.

ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർബാബു തയ്യാറാക്കിയ റിപ്പോർട്ട്.

------ വോയ്സ് --------

✪✪✪

കോഴിക്കോട് പാർലമെന്റ് മണ്ഡലത്തിലെ UDF സ്ഥാനാർഥി M.K രാഘവൻ നാളെ നാമനിർദ്ദേശ പത്രിക സമർപ്പിക്കും. രാവിലെ കലക്ടറേറ്റിലാണ് പത്രികാ സമർപ്പണം.

✪✪✪

തലസ്ഥാന ജില്ലയിൽ തിരഞ്ഞെടുപ്പ് പ്രചാരണം സജീവമായി തുടരുന്നു. മൂന്നു മുന്നണികളുടെയും സ്ഥാനാർ ത്ഥികളും ഇന്ന് തിരുവനന്തപുരം ലോക് സഭാ മണ്ഡലത്തിലെ വിവിധയിടങ്ങളിൽ പര്യടനം നടത്തും.

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പ് ദിവസം ജോലിചെയ്യുന്ന PRD അക്രഡിറ്റേഷനുള്ള മാധ്യമപ്രവർത്തകർക്ക് പോസ്റ്റൽ വോട്ട് മുഖാന്തരം വോട്ടവകാശം വിനിയോഗിക്കാൻ ആകുമെന്ന്

മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ അറിയിച്ചു. അവശ്യ സർവീസ് വിഭാഗത്തിൽപ്പെടുന്നവർ പോസ്റ്റൽ വോട്ട് ചെയ്യുന്ന രീതിയിൽ തന്നെയാണ് മാധ്യമപ്രവർത്തകർക്കും പോസ്റ്റൽ വോട്ട് ചെയ്യാനാവുക. ഇത് സംബന്ധിച്ച് PRD ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

✪✪✪

ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിന്റെ അറസ്റ്റിനെക്കുറിച്ച് അമേരിക്ക നടത്തിയ പരാമർശങ്ങൾ അനാവശ്യമാണെന്ന് കേന്ദ്ര വിദേശകാര്യ മന്ത്രാലയം വ്യക്തമാക്കി. ഇന്ത്യയുടെ തിരഞ്ഞെടുപ്പ്, നിയമ പ്രക്രിയകളിൽ ഇത്തരം ബാഹ്യമായ ആക്ഷേപങ്ങൾ അംഗീകരിക്കാനാവില്ലെന്ന് മന്ത്രാലയ വക്താവ് രൺധീർ ജയ്‌സ്വാൾ ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

പൂക്കോട് വെറ്ററിനറി സർവ്വകലാശാലയിൽ മരിച്ച വിദ്യാർത്ഥി സിദ്ധാർത്ഥന്റെ വീട് പൂക്കോട് വെറ്ററിനറി സർവ്വകലാശാലയുടെ പുതിയ വൈസ് ചാൻസലർ ഡോ. കെ.എസ് അനിൽ സന്ദർശിച്ചു. നെടുമങ്ങാട്ടെ വീട്ടിൽ എത്തിയ അദ്ദേഹം സിദ്ധാർത്ഥന്റെ കുടുംബാംഗങ്ങളുമായി സംസാരിച്ചു.

✪✪✪

യേശുവിന്റെ പീഡാനുഭവത്തിന്റേയും സഹനത്തിന്റേയും കുരിശുമരണത്തിന്റേയും ഓർമ പുതുക്കി ക്രൈസ്തവർ ഇന്ന് ദു:ഖവെള്ളി ആചരിക്കുന്നു. സംസ്ഥാനത്തെ വിവിധ

ദേവാലയങ്ങളിൽ ഇതോടനുബന്ധിച്ച് പ്രത്യേക പ്രാർത്ഥനാ ചടങ്ങുകൾ നടന്നു. കുരിശിന്റെ വഴിയിലും വിശ്വാസികൾ പങ്കെടുത്തു.

ഡെസ്ക് റിപ്പോർട്ട്.

(വോയ്സ്)

കോഴിക്കോട് താമരശ്ശേരി ചുരത്തിൽനിന്നാരംഭിച്ച കുരിശിന്റെ വഴി യാത്ര പുരോഗമിക്കുകയാണ്. ഫാദർ തോമസ് തുണ്ടത്തിലിന്റെ നേതൃത്വത്തിൽ അടിവാരം ഗദ് സെമൻ ഗ്രോട്ടോയിൽ നിന്ന് പുറപ്പെട്ട യാത്ര ഉച്ചകഴിഞ്ഞ് ലക്കിടി മൗണ്ട് സീനായ് ദേവാലയത്തിലെത്തിച്ചേരും. തുടർന്ന് ഫാദർ മാത്യു നായ്ക്കാംപറമ്പിൽ വചന സന്ദേശവും ശുശ്രൂഷയും നൽകും.

കോഴിക്കോട് മദർ ഓഫ് കത്തിഡ്രലിൽ നിന്നും ആരംഭിച്ച കുരിശിന്റെ വഴി മലബാർ ക്രിസ്ത്യൻ കോളെജിന് സമീപം സെന്റ് ജോസഫ് ദേവാലയത്തിൽ സമാപിച്ചു. കോഴിക്കോട് ബിഷപ്പ് വർഗീസ് ചക്കാലക്കൽ നേതൃത്വം നൽകി.

മാനന്തവാടി പിലാക്കാവ് സെന്റ് ജോസഫ്സ് ദേവാലയത്തിന്റെ നേതൃത്വത്തിൽ കമ്പമലയിലേക്കാണ് കുരിശിന്റെ വഴി നടത്തിയത്. വയനാട് ജില്ലയുടെ വിവിധ ഭാഗങ്ങളിൽനിന്ന് നൂറുകണക്കിന് വിശ്വാസികൾ പങ്കെടുത്തു. വികാരി ഫാദർ P.M അനീഷ് സന്ദേശം നൽകി.

കണ്ണൂർ തെക്കി ബസാർ തിരുകുടുംബ ദേവാലയത്തിലെ തിരുകർമ്മങ്ങൾക്ക് ബിഷപ്പ് ഡോ. അലക്സ് വടക്കുംതല

കാർമികത്വം വഹിച്ചു. കുരിശിന്റെ വഴിക്ക് തലശ്ശേരി ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംബ്ളാനി നേതൃത്വം നൽകി.

ആഗോള മരിയൻ തീർത്ഥാടനകേന്ദ്രമായ മണർകാട് സെന്റ് മേരീസ് യാക്കോബായ സുറിയാനി കത്തീഡ്രലിൽ കുര്യാക്കോസ് മാർ ഇവാനിയോസ് മെത്രാപ്പൊലീത്തയാണ് ചടങ്ങുകൾക്ക് നേതൃത്വം നൽകിയത്.

✪✪✪

ദുഃഖവെള്ളിയോടനുബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി യേശുക്രിസ്തുവിന്റെ ത്യാഗത്തെ അനുസ്മരിച്ചു. ക്രിസ്തുവിന്റെ അനുകമ്പയുടെയും ക്ഷമയുടെയും പാഠങ്ങളിൽ എല്ലാവരും ശക്തി കണ്ടെത്തുമെന്ന് സമൂഹമാധ്യമ കുറിപ്പിൽ മോദി പ്രത്യാശ പ്രകടിപ്പിച്ചു.

✪✪✪

സംസ്ഥാനത്ത് കനത്ത ചൂട് തുടരുന്നു. കൊല്ലം, തൃശൂർ, പാലക്കാട് ജില്ലകളിൽ അടുത്ത മൂന്ന് ദിവസം താപനില 39 ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യത. പത്തനംതിട്ട, കോട്ടയം ജില്ലകളിൽ താപനില 38 ഡിഗ്രി സെൽഷ്യസ് വരെ ഉയരും. ആലപ്പുഴ, എറണാകുളം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ 37 ഡിഗ്രി സെൽഷ്യസ് വരെയും, തിരുവനന്തപുരത്ത് 36 ഡിഗ്രി സെൽഷ്യസ് വരെയും താപനില ഉയരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു, കൊൽക്കത്ത നൈറ്റ് റൈഡേഴ്സുമായി ഏറ്റുമുട്ടും. ബെംഗളൂരുവിലെ എം. ചിന്നസ്വാമി സ്റ്റേഡിയത്തിൽ വൈകിട്ട് 7.30 നാണ് മത്സരം. ഇന്നലെ രാജസ്ഥാൻ റോയൽസ് 12 റൺസിന് ഡൽഹി ക്യാപിറ്റൽസിനെ പരാജയപ്പെടുത്തി.

✪✪✪

മാഡ്രിഡ് സ്പെയിൻ മാസ്റ്റേഴ്സ് ബാഡ്മിന്റൺ ടൂർണമെന്റ് വനിതാ സിംഗിൾസിൽ ഇന്ത്യൻ താരം പി.വി. സിന്ധു ക്വാർട്ടറിൽ പ്രവേശിച്ചു. തായ്‌വാൻ താരം Y.ഹുവാങ്ങിനെയാണ് സിന്ധു പരാജയപ്പെടുത്തിയത്. ക്വാർട്ടർ ഫൈനലിൽ തായ്‌ലൻഡിന്റെ സുപനിദ കാറ്റേതോങ്ങിനെ സിന്ധു നേരിടും.

✪✪✪

മിയാമി ഓപ്പൺ ടെന്നീസിൽ പുരുഷ ഡബിൾസിൽ ഇന്ത്യയുടെ രോഹൻ ബൊപ്പണ്ണ - ഓസീസ് താരം മാത്യു എബ്ഡൻ സഖ്യം ഫൈനലിൽ പ്രവേശിച്ചു. നാളെ ഫൈനലിൽ അമേരിക്കയുടെ ഓസ്റ്റിൻ ക്രാജിസെക്കിനെയും ക്രൊയേഷ്യയുടെ ഇവാൻ ഡോഡിഗിനെയും ഇവർ നേരിടും.

✪✪✪

കോഴിക്കോട് പേരാമ്പ്ര അനു കൊലപാതക കേസിൽ പ്രതി മുജീബിന്റെ ഭാര്യയെ പോലീസ് അറസ്റ്റ് ചെയ്തു. തെളിവ് നശിപ്പിച്ചെന്ന കേസിലാണ് ഇവരെ പേരാമ്പ്ര പോലീസ് അറസ്റ്റ് ചെയ്തത്. കേസിൽ നേരത്തെ മുജീബ് പിടിയിലായിരുന്നു.

✪✪✪

സ്വർണ വിലയിൽ വീണ്ടും വർധന. പവന് 1,040 രൂപ കൂടി 50,400 രൂപയായി.